## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1994 | 12.02.2013-ൽ മറുപടിക്ക്

## ബാറുകളുടെ എണ്ണം കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | |
| --- | --- |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര മദ്യ ബാറുകൾ അനുവദിച്ചു; | (എ) 54 ബാറുകൾ അനുവദിച്ചു. |
| (ബി) ബാറുകളുടെ വ്യാപനം മദ്യപാനത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കുമെന്നതിനാൽ നിലവിലുള്ള ബാറുകളുടെ എണ്ണം കുറയ്ക്കുന്ന കാര്യം പരിഗണിക്കാമോ; | (ബി) ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഏകാംഗ കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്. |
| (സി) പഞ്ചായത്തുകളിൽ മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് സമീപത്തെ സ്ഥിരവാസികളുടെ / ഗ്രാമസഭയുടെ അംഗീകാരം തേടണമെന്ന നിബന്ധന നടപ്പിലാക്കാൻ നിർദ്ദേശിക്കാമോ? | (സി) 25.11.2012-ാം തീയതി പുറപ്പെടുവിച്ച, മുനിസിപ്പാലിറ്റീസ് ആക്ട്/പഞ്ചായത്തീരാജ് ആക്ട് എന്നിവയുടെ ഭേദഗതി ഓർഡിനൻസ് പ്രകാരം, ഒരു മുനിസിപ്പൽ/പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു അബ്കാരി ഷോപ്പ് ആരംഭിക്കുന്നതിന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ/പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ.